# ജീവിതയാത്ര

## Jeevitha Yatra

KRISHNAMURTI FOUNDATION INDIA SEPTEMBER - DECEMBER 2018 RS.2/- VOL. 14 ISSUE 1

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**

# എന്താണ് മരണം?



ഈ സായാഹ്നത്തിൽ ആഗ്രഹത്തിലേക്കും സുഖത്തിലേക്കും യാതനകളിലേക്കും മരണത്തിന്റെ സമഗ്രമായ അർത്ഥത്തിലേക്കും പൊരുളിലേക്കും നമുക്ക് കടന്നുചെല്ലാം. മനുഷ്യരാശിയെക്കുറിച്ച്, ജീവിതത്തിൽ മനുഷ്യർ കടന്നുപോകുന്ന ദുരിതം, സംഘർഷം, ഹിംസ, കഷ്ടപ്പാടുകൾ എന്നിവയെക്കുറിച്ച് അത്യധികം താത്പര്യമുള്ള ഒരാൾ, നാം ഇപ്പോൾ ചെയ്യുന്നതുപോലെ, ആഗ്രഹത്തിന്റെ പ്രകൃതിയെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചും അന്വേഷിക്കേണ്ടതുണ്ട്. നമ്മുടെ ജീവിതത്തിൽ ആഗ്രഹത്തിന് വമ്പിച്ചൊരു പങ്കുണ്ട്. നാം അല്പം വളരുമ്പോൾ ശാരീരികമായി പാകപ്പെടുമ്പോൾ വസ്തുതകൾ മാറുന്നു, പക്ഷേ, ആഗ്രഹം അതുപോലെയിരിക്കുന്നു. നിങ്ങളുടെ ആഗ്രഹം ഒരു കാറിനു വേണ്ടിയോ ഒരു സ്ത്രീക്കു വേണ്ടിയോ ദൈവത്തിനു വേണ്ടിയോ ബോധോദയത്തിനു വേണ്ടിയോ ആയിരുന്നാലും ആഗ്രഹം ഒന്നുതന്നെയാണ്. ശ്രേഷ്ഠമായ ആഗ്രഹം, അധമമായ ആഗ്രഹം എന്നൊന്നില്ല; ആഗ്രഹം മാത്രമേയുള്ളൂ. അതുകൊണ്ട് ആഗ്രഹത്തിന്റെ പ്രകൃതിയെ വളരെ ശ്രദ്ധാപൂർവം നാം പരിശോധിക്കാൻ പോകുന്നു. കാരണം, ആഗ്രഹവും അതോടുകൂടിയുള്ള ഇച്ഛയും നമ്മുടെ ജീവിതത്തിന്റെ ഒരു സ്ഥിരമായ ഘടനയാണ്. ഇച്ഛ ആഗ്രഹത്തിന്റെ സങ്കലനമാണ്. നാം ഇച്ഛകൊണ്ട് പ്രവർത്തിക്കുന്നു — 'ഞാൻ ചെയ്യണം', 'ഞാൻ ചെയ്യരുത്'. ഇച്ഛയുടെ ഈ നിരന്തരപ്രവൃത്തി ആഗ്രഹത്തിന്റെ സാരാംശമാണ്.

നമ്മുടെ ജീവിതത്തിൽ ഇത്ര പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന ഈ ആഗ്രഹം എന്താണ്? മിക്ക മതങ്ങളിലും മതവിഭാഗങ്ങളിലും ഉള്ള സന്ന്യാസിമാർ എല്ലായ്പോഴും പറഞ്ഞിട്ടുണ്ട്: 'ആഗ്രഹങ്ങളെ അടിച്ചമർത്തുക, അല്ലെങ്കിൽ രൂപാന്തരപ്പെടുത്തുക. നിങ്ങൾക്ക് ഈശ്വരനെ സ്നേഹിക്കണമെങ്കിൽ നിങ്ങൾ ലോകത്തെ ആഗ്രഹിക്കരുത്. ഒരു സ്ത്രീയെയോ, ഒരു പുരുഷനെയോ ആഗ്രഹിക്കരുത്.' അത് എല്ലായ്പോഴും അടിച്ചമർത്തലിന്റെ പ്രക്രിയയായിരുന്നു, ആഗ്രഹത്തിനെ ചിട്ടപ്പെടുത്തലായിരുന്നു.

നാമിപ്പോൾ ആഗ്രഹത്തിനെ അടിച്ചമർത്തുകയോ ഒഴിവാക്കുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നില്ല. അതിന്റെ പ്രകൃതിയെ നമ്മൾ പരിശോധിക്കുകയാണ്. അതിനാൽ ആഗ്രഹത്തിനെ ഒഴിവാക്കാനുള്ള ശ്രമമോ അതിൽനിന്ന് രക്ഷപ്പെടാൻവേണ്ടി അതിനെ നോക്കിക്കാണാനുള്ള ശ്രമമോ ഒന്നുംതന്നെയില്ല. ആഗ്രഹത്തിന്റെ പ്രകൃതി നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ അതിനെ അടിച്ചമർത്തുന്നതോ അല്ലെങ്കിൽ ഒഴിവാക്കുന്നതോ അല്ലെങ്കിൽ യുക്തിഭദ്രമാക്കുന്നതോ ആയ പ്രശ്നം തന്നെയില്ല. അതുകൊണ്ട് നാം ചോദിക്കുന്നു, ആഗ്രഹം എന്താണ്? ആ വാക്ക് തീർച്ചയായും ആ വികാരമോ പ്രതികരണമോ അല്ല. അതുകൊണ്ട് 'ആഗ്രഹം' എന്ന വാക്ക് നാം ഉപയോഗിക്കുമ്പോൾ, ആ വാക്ക് ആ പ്രതികരണമോ വേണമെന്ന വികാരമോ അല്ല എന്നതിൽ നമുക്ക് തെളിമയുണ്ടായിരിക്കണം.

അപ്പോൾ എന്താണ് ആഗ്രഹം? ദർശനം, കാഴ്ച അതല്ലേ ആഗ്രഹത്തിന്റെ തുടക്കം? അതായത് നിങ്ങളുടെ കണ്ണുകൾകൊണ്ട് കാണുന്നു, പൂക്കളെ, വൃക്ഷങ്ങളെ, കാറുകളെ, സ്ത്രീകളെ, ലോകത്തെ, കാണുക, മണക്കുക, രുചിക്കുക—അതാണ് ആഗ്രഹത്തിന്റെ തുടക്കം. ഒരു മരത്തെ, ഒരു വീടിനെ, ഒരു കാറിനെ, ഒരു സ്ത്രീയെ, ഒരു പുരുഷനെ, ഒരു മനോഹര ഉദ്യാനത്തെ കാണുന്നു, സ്പർശിക്കുന്നു, അതിൽനിന്ന് ഇന്ദ്രിയനുഭൂതിയുണ്ടാകുന്നു. പിന്നീട് ചിന്ത നിങ്ങൾ ആ തോട്ടത്തെ, ആ കാറിനെ, ആ വ്യക്തിയെ അല്ലെങ്കിൽ മറ്റു വല്ലതിനെയും കൈവശമാക്കുന്നതായ ഒരു പ്രതിരൂപം സൃഷ്ടിക്കുന്നു. അതായത് ആദ്യം കാണൽ, പിന്നെ സ്പർശിക്കൽ, അനുഭൂതി; പിന്നെ നിങ്ങൾ ആ കാറിൽ ഇരിക്കുന്നതും അതിനെ ഓടിക്കുന്നതുമായ പ്രതിരൂപം ചിന്ത നിർമിക്കുന്നു. കാണൽ, സ്പർശിക്കൽ, ഇന്ദ്രിയബോധം, ചിന്ത പ്രതിരൂപം സൃഷ്ടിക്കൽ—ഇവയിൽനിന്ന് ആഗ്രഹം ജനിക്കുന്നു. ചിന്ത പ്രതിരൂപം നിർമിക്കുമ്പോഴാണ് ആഗ്ര

# എന്താണ് മരണം?

ഹത്തിന്റെ തുടക്കമുണ്ടാകുന്നത്. ഇത് നിങ്ങൾ മനസ്സിലാക്കിയോ?

അതിനെ നോക്കുക, അതിലേക്ക് നിങ്ങൾതന്നെ ഇറങ്ങിച്ചെല്ലുക, നിങ്ങൾ കാണും. ഇത് അത്യധികം ലളിതമായൊരു വസ്തുതയാണ്. കാഴ്ച, സ്പർശനം, അനുഭൂതി ഇവയെല്ലാം സ്വാഭാവികവും സാധാരണവുമാണ്. നിങ്ങൾ നീലനിറമുള്ള ഉടുപ്പോ, ഏതെങ്കിലും പ്രത്യേക വസ്ത്രമോ കൈവശമാക്കുന്ന ഒരു പ്രതിരൂപം ചിന്ത നിർമിക്കുന്നു; ആ പ്രതിരൂപം നിർമ്മിക്കപ്പെടുന്ന ക്ഷണത്തിൽ ആഗ്രഹം ജനിക്കുന്നു. ഇത് നിങ്ങൾക്കുതന്നെ കാണാവുന്നതാണ്—നിങ്ങൾ ഒരു നല്ല ട്രൗസറോ കുപ്പായമോ അല്ലെങ്കിൽ വേറെന്തെങ്കിലുമൊരു വസ്തു കടയിൽ കാണുന്നതും പിന്നെ അകത്തുചെല്ലുന്നതും അതിനെ തൊടുന്നതും പിന്നെ 'ഇതെനിക്കെത്ര നന്നായിരിക്കും' എന്ന് ചിന്ത പറയുന്നതും നിങ്ങൾ ആ ബിംബത്തിന് രൂപം നല്കുന്നു; ആ ക്ഷണത്തിൽ വിടരുന്നു. ചിന്ത ഒരു ബിംബം നിർമിക്കുമ്പോഴാണ് ആഗ്രഹം തുടങ്ങുന്നതെന്ന് നിങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കുകയാണെങ്കിൽ പിന്നെ ആ പ്രതിരൂപത്തിന് അവസാനമുണ്ടാകുമോ?

ആഗ്രഹം എന്താണെന്നുള്ള ഈ വ്യാഖ്യാനം നിങ്ങൾക്ക് പരിചിതമായിരിക്കില്ല. നിങ്ങൾക്ക് പരിചയമില്ലെങ്കിൽ ദയവായി ശ്രദ്ധിക്കുക. നിങ്ങൾ ആഗ്രഹിക്കണം അല്ലെങ്കിൽ ആഗ്രഹിക്കാൻ പാടില്ല എന്നൊക്കെ പറയുന്ന നിങ്ങളുടെ ശീലവിധേയത്വത്തെ (conditioning) മാറ്റിവെക്കുക. ഈ നിമിഷം അവയെല്ലാം മാറ്റിവെച്ച് അതിനെ ശ്രദ്ധയോടെ നോക്കുക.

കാഴ്ച, സ്പർശനം, അനുഭൂതി എന്ന വസ്തുതയെപ്പറ്റി പഠിക്കുകയും അതോടൊത്ത് നിലകൊള്ളുകയും ചിന്തയെ പ്രതിരൂപം നിർമിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യാൻ കഴിയുമോ? അതൊരു ശിക്ഷണമാണ് (discipline). ശിക്ഷണം എന്നത് പഠിക്കലാണ്. ഇംഗ്ലീഷിലെ 'ഡിസിപ്ലിൻ' എന്ന വാക്ക് ലാറ്റിനിലെ 'ഡിസൈപ്പ്ൾ' (ശിഷ്യൻ) എന്ന വാക്കിൽനിന്ന് വന്നതാണ്. 'ഡിസൈപ്പ്ൾ' എന്നവൻ പഠിക്കുന്നവനാണ്. എന്നാൽ നാമാകട്ടെ അതിന് 'പകർത്തുക, അനുകരിക്കുക, യോജിച്ചു പോവുക, അനുസരിക്കുക, പിൻതുടരുക' എന്ന അർഥം നല്കിയിരിക്കുന്നു. അതെല്ലാം പഠനത്തെ പൂർണമായി നിരാകരിക്കുന്നു. ചിന്ത സംവേദനങ്ങളിൽ ഇടപെടുമ്പോൾ ആഗ്രഹം തുടങ്ങുന്നു എന്ന വസ്തുത നാം പഠിക്കുന്നു. ഇങ്ങനെ നിങ്ങൾക്ക് അത്യധികം സുഖാനുഭൂതികൾ ഉണ്ടായെന്ന് കരുതുക. ആ സുഖാനുഭൂതികൾ, ആ സുഖാനുഭൂതിയുടെ സംഭവം നിങ്ങളുടെ തലച്ചോറിൽ രേഖപ്പെടുത്തുന്നു. അതോടെ ആഗ്രഹം പറയുന്നു, 'എനിക്ക് ആ സുഖാനുഭൂതി കൂടുതൽ വേണം.' അതിനാൽ ശിക്ഷണമെന്നത് പഠനമാണ്. നാം ഒരുമിച്ച് ആഗ്രഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് പഠിക്കുകയാണ്.

ആഗ്രഹത്തിന്റെ സ്വഭാവത്തെ, അതെങ്ങനെ വരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയോ എന്ന് ഞാൻ ചോദിക്കട്ടെ. നിങ്ങളതിനെ ഒരു പ്രാവശ്യം യഥാർഥത്തിൽ കാണുകയാണെങ്കിൽ പിന്നീട് അതിനെ അടിച്ചമർത്തുകയോ നിയന്ത്രിക്കുകയോ ശ്രമിക്കുന്നതോ അല്ലെങ്കിൽ മാറ്റാൻ ശ്രമിക്കുകയോ ചെയ്യേണ്ട ആവശ്യം ഒരിക്കലും ഉണ്ടാകുന്നില്ല. ആഗ്രഹം എങ്ങനെ ഉയരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കി. അതിനാൽ ചിന്ത പ്രതിരൂപം നിർമിക്കുന്ന ക്ഷണത്തിൽ നിങ്ങൾ പൂർണശ്രദ്ധ നല്കുകയാണെങ്കിൽപ്പിന്നെ അതിനെ അടിച്ചമർത്തുന്നതോ ഒഴിവാക്കുന്നതോ യുക്ത്യാനുസൃതമാക്കുന്നതോ ആയ പ്രശ്നമേയില്ല.

ആഗ്രഹം അനുഭൂതിയാണ്. നിങ്ങളെല്ലാവരും സുഖാനുഭൂതികൾക്ക് അടിമകളാണ്. ഉടമസ്ഥതയിൽ സുഖാനുഭൂതിയുണ്ട്. അധികാരത്തിന്റെ—രാഷ്ട്രീയാധികാരത്തിന്റേതല്ല, മറിച്ച് നിങ്ങളുടെ ഭാര്യയുടെ മേൽ, നിങ്ങളുടെ കുട്ടികളുടെ മേൽ, നിങ്ങളുടെ ക്ലാർക്കിന്റെ മേൽ, നിങ്ങളുടെ കീഴെയുള്ളവരുടെ മേൽ നിങ്ങൾക്കുള്ള അധികാരത്തിൽ സുഖാനുഭൂതിയുണ്ട്. അധികാരത്തിനായുള്ള ആഗ്രഹം അധികംപേർക്കുമുണ്ട്; അത് സുഖാനുഭൂതിയുടെ ഒരു രൂപമാണ്. ആ സുഖാനുഭൂതിയെ നിങ്ങൾ അന്തമില്ലാതെ പിൻതുടരുന്നു. ഒരു വസ്തുവിൽ നിങ്ങൾ സുഖം കണ്ടെത്തുന്നില്ലെങ്കിൽ നിങ്ങൾ വേറൊന്ന് നോക്കിപ്പോകുന്നു. നിങ്ങളുടെ ഭാര്യയിലോ ഭർത്താവിലോ നിങ്ങൾക്ക് തൃപ്തിയില്ലെങ്കിൽ നിങ്ങളവരെ മാറ്റുന്നു. എന്നാൽ ഈ സുഖാനുഭൂതിയുടെ തേടൽ ആനന്ദത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്.

സുഖാനുഭൂതി, മനുഷ്യജീവിതത്തിലെ പ്രേരകശക്തികളിൽ ഒന്നാണ്. ദയവുചെയ്ത് ഇത് മനസ്സിലാക്കുക. കാരണം, നാം വളരെ കഠിനമായ ഒരു വിഷയത്തിൽ വന്നെത്തുകയാണ്. നാം സുഖാനുഭൂതിയെ മനസ്സിലാക്കണം—ലൈംഗികസുഖാനുഭൂതി, ഉടമസ്ഥതയിലുള്ള സുഖാനുഭൂതി, പണത്തിലുള്ള സുഖാനുഭൂതി, തന്റെ ശരീരത്തെ അഭ്യസിപ്പിക്കുകയും അതിനെ പൂർണമായി നിയന്ത്രിക്കുകയും ചെയ്യുമ്പോൾ ഒരു തപസ്വി അനുഭവിക്കുന്ന സുഖനുഭൂതി, വിശ്വാസത്തിലുള്ള സുഖാനുഭൂതി. മനുഷ്യന്റെ അങ്ങേയറ്റത്തെ സുഖാനുഭൂതി അവന്റെ വിശ്വാസത്തിലാണെന്നു തോന്നുന്നു. അവൻ ദൈവത്തിൽ വിശ്വസിക്കുന്നു; അത് വളരെ സുഖദായകമായതിനാൽ അതിൽ തടസ്സങ്ങൾ ഉണ്ടാവാൻ അവൻ ആഗ്രഹിക്കുന്നില്ല. അതു കൊണ്ട് സുഖാനുഭൂതിയുടെ പ്രകൃതിയെ നാം നിരീക്ഷിക്കാൻ പോവുകയാണ്.

ആനന്ദം സുഖാനുഭൂതിയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. നിങ്ങളൊരു സുന്ദരമായ സൂര്യാസ്തമയത്തെ അല്ലെങ്കിൽ വേഗത്തിൽ ഒഴുകുന്ന നദിയെ കാണുമ്പോൾ അതിൽ ഉല്ലാസമുണ്ട്. സൗന്ദര്യമുണ്ട്. ആ വെള്ളത്തിന്റെ സൗന്ദര്യത്തെ, അതിന്റെ മേലുള്ള വെളിച്ചത്തെ, അതിന്റെ ദ്രുതപ്രവാഹത്തെ മനസ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് നിങ്ങൾക്ക് അത്യധികം സുഖാനുഭൂതി നല്കിയിട്ടുണ്ട്. പിന്നെ ആ സുഖാനുഭൂതി നിങ്ങൾ വീണ്ടും ആഗ്രഹിക്കുന്നു. അതേ സുഖാനുഭൂതി അനുഭവിക്കുമെന്ന് ആശിച്ച് ആ നദിയെക്കാണാൻ നിങ്ങൾ അടുത്ത ദിവസം തിരിച്ചുവരുന്നു. ആനന്ദം സുഖാനുഭൂതിയല്ല. കാരണം, നിങ്ങൾ ആനന്ദിക്കുന്നു, അത് അവിടെ അവസാനിക്കുന്നു. പക്ഷേ, അത് രേഖപ്പെടുത്തുമ്പോൾ നിങ്ങൾ ആസ്വദിക്കുകയും നിങ്ങൾക്ക് സുഖാനുഭൂതി നല്കുകയും ചെയ്തതിനെ പിന്തുടരുമ്പോൾ അത് വർത്തമാനകാലത്തിലൂടെ ഭാവിയിലേക്ക് നീളുന്ന ഭൂതകാലത്തിന്റെ തുടർച്ചയാണ്.

അപ്പോൾ ഇതാണ് ജീവിതത്തിലുള്ള നമ്മുടെ നിരന്തരമായ ചലനം—ആഗ്രഹവും സുഖാനുഭൂതിയും. സുഖാനുഭൂതിയെന്നത് ശിക്ഷയെ ഒഴിവാക്കലും സുഖദായകമായ

# എന്താണ് മരണം?

തിനെ ചേർത്തുപിടിക്കലുമാണ്. അതുകൊണ്ട് നമ്മുടെ മനസ്സ് എല്ലായ്പോഴും ശിക്ഷയുടെയും പ്രതിഫലനത്തിന്റെയും ഉള്ളിലാണ് പ്രവർത്തിക്കുന്നത്. നിങ്ങളൊരു മതവിശ്വാസിയാണെങ്കിൽ സ്വർഗമാണ് അത്യന്തികമായ സുഖാനുഭൂതിയെന്ന് നിങ്ങൾ കരുതുന്നു. കാരണം, നല്ലത് ചെയ്യുന്നതിനും ശരിയായ വിധം ജീവിക്കുന്നതിനുമുള്ള പ്രതിഫലമാണ് സ്വർഗം. നിങ്ങൾ ശരി ചെയ്യുന്നില്ലെങ്കിൽ മറ്റൊരു സ്ഥലവുമുണ്ട്. അതിനാൽ പ്രതിഫലവും ശിക്ഷയും നിങ്ങളുടെ മനസ്സിൽ എല്ലായ്പോഴുമുണ്ട്.

അനേകം നൂറ്റാണ്ടുകളിലൂടെ മനുഷ്യൻ ദുരിതത്തിൽ കഴിഞ്ഞുകൂടിയിട്ടുണ്ട്. പക്ഷേ, അതവസാനിപ്പിക്കാൻ അവനു സാധിച്ചതായി കാണുന്നില്ല. അഹിതമായ എന്തെങ്കിലും തീവ്രവേദനയുണ്ടാക്കുന്ന എന്തെങ്കിലും സഹിക്കാൻ നാം പരിചയപ്പെട്ട വഴികളിൽ ഒന്നാണിത്—ഒരിക്കലും ഈ ദുരിതത്തിനൊരു പരിഹാരം കണ്ടെത്തുന്നുമില്ല. ദുരിതങ്ങൾ പല വിധത്തിലുണ്ട്. നിങ്ങൾ സ്നേഹിക്കുന്നുവെന്ന് കരുതുന്ന ആരുടെയെങ്കിലും മരണംകൊണ്ടു മാത്രമല്ല ദുരിതമുണ്ടാകുന്നത്. ഒരു പദവി നഷ്ടപ്പെടുന്നതും ദാരിദ്ര്യവും അനീതിയും സ്വന്തം അപൂർണതയും മനുഷ്യൻ ജീവിച്ചിരിക്കുന്ന തികഞ്ഞ അജ്ഞതയും ഇതിന് കാരണമാകുന്നു. ഭൂമിയെക്കുറിച്ചും ബഹിരാകാശത്തെക്കുറിച്ചും വിപുലമായ അറിവ് മനുഷ്യൻ ആർജിച്ചിട്ടുണ്ടെങ്കിലും അവൻ അജ്ഞതയിലാണ് ജീവിക്കുന്നത്; അത് അതിയായ ദുരിതത്തിന് വഴിവെക്കുന്നു.

അങ്ങനെ നാം ദുരിതത്തിൽ ജീവിക്കുന്നു, അതിനെ അംഗീകരിക്കുന്നു. അത് അവസാനിക്കുമോ എന്ന് നാം ഒരിക്കലും ചോദിച്ചിട്ടില്ല. കൂടാതെ ദുരിതത്തെ മറികടക്കുന്നതിനെക്കുറിച്ച് പലവിധ വ്യാഖ്യാനങ്ങൾ നല്കുന്നവരുമുണ്ട്. 'ദൈവത്തിൽ വിശ്വസിക്കുക, നിങ്ങളുടെ രക്ഷകനിൽ വിശ്വസിക്കുക, ബുദ്ധനിൽ വിശ്വസിക്കുക, കൃഷ്ണനിൽ വിശ്വസിക്കുക' എന്നൊക്കെ അവർ നിർദ്ദേശിക്കുന്നു. നാം അന്തമില്ലാത്ത കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്. ഈ ദുരുരിതങ്ങൾ താത്കാലികമായല്ലാതെ പൂർണമായി അവസാനിക്കുമോ എന്ന് നാം ചോദിക്കുന്നു. അതുവഴി വേദനയും ദുഃഖവും സഹിച്ച് മനസ്സിന് തികച്ചും വ്യത്യസ്തമായ ഒരവസ്ഥ, വ്യത്യസ്തമായൊരു ചലനമുണ്ടാകും.

ക്ലേശിക്കുന്നൊരു മനസ്സിന് വ്യക്തമായി ചിന്തിക്കാനാവില്ല. ക്ലേശിക്കുന്നൊരു മനസ്സിന് സ്നേഹമുണ്ടാവില്ല. ക്ലേശിക്കുന്ന മനസ്സിന് സ്നേഹമുണ്ടാവില്ല. ക്ലേശിക്കുന്ന മനസ്സ് എന്തെങ്കിലും ചില കാല്പനിക ഭാവനകളിലേക്ക് രക്ഷപ്പെടും. ക്ലേശിക്കുന്നൊരു മനസ്സിന് മറ്റൊരാളുമായി അവർ എത്ര സൗഹൃദത്തോടെ ജീവിച്ചാലും യാതൊരു ബന്ധവും ഉണ്ടായിരിരിക്കുകയില്ല. ക്ലേശിക്കുന്ന മനസ്സിന് യാതൊരു ബന്ധവുമില്ല. ക്ലേശം ഒറ്റപ്പെടലായി മാറുന്നു. വ്യക്തിപരമായ ക്ലേശം മാത്രമല്ല, സാർവത്രികമായ ക്ലേശവുമുണ്ട്. മനുഷ്യരാശി ക്ലേശിക്കുന്നു—യുദ്ധത്തിനു ശേഷമുള്ള ക്ലേശം, ലക്ഷോപലക്ഷം ജനങ്ങൾ പൊഴിക്കുന്ന കണ്ണുനീർ, കുഞ്ഞിനെ നഷ്ടപ്പെടുന്ന അമ്മയുടെ ദുഃഖം എന്നിങ്ങനെ ആഗ്രഹങ്ങളുടെ പൂർത്തീകരണം ആഗ്രഹിക്കുന്ന മനുഷ്യൻ, മഹാനാകാൻ ആഗ്രഹിക്കുന്ന ആൾ, അതിന് കഴിവില്ലാത്തവനാകുന്നു, അതുകൊണ്ട് അവൻ ക്ലേശിക്കുന്നു.

ക്ലേശത്തിന് ആശ്വസിപ്പിക്കുന്ന പരിഹാരങ്ങൾ നാം കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ക്ലേശിക്കുമ്പോൾ നാം ആശ്വാസം തേടുന്നു. ആ ആശ്വാസം യാഥാർത്ഥ്യത്തിലാവാം അല്ലെങ്കിൽ ഒരു മിഥ്യയിൽ, കാല്പനികമായതും മിഥ്യാപരമായതുമായ വയല്ല സങ്കല്പത്തിലുമാവാം. അപ്പോൾ ദുഃഖത്തിന് അന്ത്യമുണ്ടോ എന്നു നാം ചോദിക്കുന്നു. നിങ്ങളൊരു ബുദ്ധമതവിശ്വാസിയാണെങ്കിൽ, ഇത് ബുദ്ധൻ പറഞ്ഞതാണ്, ഞങ്ങൾ കേട്ടിട്ടുണ്ട്' എന്ന് ദയവു ചെയ്ത് പറയരുത്. അതിന്റെ അർഥമെന്താണ്? മറ്റാരെങ്കിലും പറഞ്ഞതിനെ നിങ്ങൾ വെറുതേ ആവർത്തിക്കുന്നു, പക്ഷേ, നിങ്ങൾ പ്രശ്നം പരിഹരിച്ചിട്ടില്ല. ആരെങ്കിലും ഒരാളുടെ വാക്കുകളെ—അയാൾ എത്ര മഹാനായാലും ശരി—വെറുതെ ഉദ്ധരിക്കുന്നത് പരിഹാരമല്ല. അതുകൊണ്ട് ദുഃഖം അവസാനിപ്പിക്കാൻ കഴിയുമോയെന്നു കണ്ടെത്തുക. ദുഃഖം അവസാനിപ്പിക്കാതെ കരുണയില്ല.

എന്തുകൊണ്ടാണ് ഒരുവൻ ക്ലേശിക്കുന്നത്? നിങ്ങൾക്കെല്ലാവർക്കും ക്ലേശമെന്താണെന്ന് അറിയാം, പക്ഷേ, അതിന്റെ കാരണത്തെക്കുറിച്ച് നിങ്ങൾ ഒരിക്കലും അന്വേഷിച്ചിട്ടില്ല. മറ്റാരെയും ആശ്രയിക്കാതെ, ബുദ്ധനെയോ അദ്ദേഹം പറഞ്ഞതിനെയോ ആശ്രയിക്കാതെ, അല്ലെങ്കിൽ വേറൊരു രാജ്യത്തിൽ വേറൊരു മതാചാര്യൻ പറഞ്ഞതിനെ ആശ്രയിക്കാതെ, നിങ്ങൾ ഈ വിഷയത്തിൽ കടന്നുചെന്നിട്ടില്ല. അതെല്ലാറ്റിനെയും മാറ്റിവെക്കുക. അവർ പറഞ്ഞത് സത്യമായിരിക്കാം, സത്യമല്ലായിരിക്കാം. പക്ഷേ, മനുഷ്യൻ എന്ന നിലയിൽ നിങ്ങൾ ദുഃഖം അനുഭവിക്കുന്നു. ആ പ്രശ്നം നിങ്ങൾ പരിഹരിക്കുന്നില്ലെങ്കിൽ, അതിനെ അവസാനിപ്പിക്കുന്നില്ലെങ്കിൽ, അതിനെ നേരിടുന്നില്ലെങ്കിൽ—നിങ്ങളുടെ ജീവിതം കൂടുതൽക്കൂടുതലായി യാന്ത്രികവും ആവർത്തനവിരസവും ഏറെ ഉപരിപ്ലവവും ആയിത്തീരും. വിശുദ്ധഗ്രന്ഥങ്ങൾ ചൊല്ലുകയോ വായിക്കുകയോ ചെയ്യാം, വിശുദ്ധവചനങ്ങൾ ആവർത്തിക്കാം. പക്ഷേ, നിങ്ങളുടെ ജീവിതം കൂടുതൽക്കൂടുതലായി ഉപരിപ്ലവമായിത്തീരുന്നു. ഇതുതന്നെയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ ദുഃഖത്തിന് അറുതിവരുത്താൻ സാധ്യമാണോ എന്ന് അന്വേഷിക്കുന്നത് പ്രധാനമാണ്.

എന്താണ് ദുഃഖം? ആരെയെങ്കിലും നഷ്ടപ്പെടുക. മനുഷ്യന്റെ ഏകാന്തത, അവന്റെ ഒറ്റപ്പെടൽ, മറ്റുള്ളവരുമായി ബന്ധമില്ലാത്തതിൽനിന്നും വരുന്ന സങ്കടം, ഇതിന്റെയെല്ലാം ഒടുവിൽ മരണം. അത് ആത്മപരിതാപമാണോ? മാന്യരേ, ഇതിനെ പരിശോധിക്കുക; ഇതിനെക്കുറിച്ച് ലജ്ജിക്കരുത്. ഈ വസ്തുതകൾ പരിശോധിക്കുമ്പോൾ ഒരാൾക്ക് കൃത്യത ആവശ്യമാണ്. ദുഃഖം ആത്മപരിതാപമാണോ? എല്ലാ വാത്സല്യവും ശ്രദ്ധയും നിങ്ങൾ നിക്ഷേപിച്ച ഒരു വ്യക്തിയെ നിങ്ങൾക്ക് നഷ്ടപ്പെടുന്നു. ആ വ്യക്തി മരിച്ചുപോകുന്നു. നിങ്ങളെ വിട്ടു പോകുന്നു, ഓടിപ്പോകുന്നു, നിങ്ങളെ നിരാകരിക്കുന്നു. അപ്പോൾ നിങ്ങൾ ദുരിതം അനുഭവിക്കുന്നു. അത് ദുഃഖത്തിന്റെ ഒരു രൂപമാണ്. മറ്റൊരു രൂപം: നിങ്ങളുടെ മനസ്സ് അത്യധികം സാമ്പ്രദായികമായും ആവർത്തനവിരസവും യാന്ത്രികമായതും ആയിത്തീർന്നിരിക്കുന്നതിനാൽ നിങ്ങൾക്ക് സത്യമായ എന്തിനെ

# എന്താണ് മരണം?

യെങ്കിലും തത്ക്ഷണം ദർശിക്കാൻ കഴിയുന്നില്ല—അത് വമ്പിച്ചൊരു ദുഃഖം തന്നെയാണ്. പിന്നെ ഒരാൾക്ക് പ്രായമാകുമ്പോൾ രോഗമുണ്ടാകുന്നു. ശരീരം ക്ഷയിച്ചുപോകുന്നു, മനസ്സിന് അതിന്റെ കഴിവ് നഷ്ടപ്പെടുന്നു.

ഇതെല്ലാം ദുഃഖത്തിന്റെ ചില ഘടകങ്ങളാണ്. ഇവയെല്ലാറ്റിനെയും നോക്കിക്കണ്ടുകൊണ്ട് നിങ്ങളുടെ പ്രതികരണമെന്തെന്ന്, ഈ ഘടകങ്ങളോട് നിങ്ങളെങ്ങനെ പ്രതികരിക്കുന്നുവെന്ന് കണ്ടുപിടിക്കണം. അതായത് നിങ്ങൾക്ക് അധികാരം, പണം, പദവി, നീതി, സാമൂഹിക വിപ്ലവം എന്നിവയൊക്കെ വേണം; നിങ്ങൾ യഥാർത്ഥമായ മതനിഷ്ഠയുള്ള ഒരു വ്യക്തിയാണെങ്കിൽ സത്യമെന്താണെന്ന്, കാലരഹിതമായതെന്താണെന്ന് കണ്ടെത്താൻ ആഗ്രഹിക്കന്നു. ആശയക്കുഴപ്പത്തിലായ, അനിശ്ചിതമായ, അരക്ഷിതാവസ്ഥയിലുള്ള ഒരു മനസ്സ് എല്ലായ്പോഴും സഹിക്കുന്നു. അപ്പോൾ അതും മനസ്സ് ഒരിക്കലും സുരക്ഷിതത്വം കണ്ടെത്താത്തതും ദുഃഖത്തിന്റെ ഘടകമാണോ? ഒരു ജോലിയിൽ നിങ്ങൾക്ക് സുരക്ഷ ഉണ്ടായിരിക്കാം, ഒരു കുടുംബത്തിൽ നിങ്ങൾക്ക് സുരക്ഷയുണ്ടായിരിക്കാം. വിശ്വാസത്തിൽ നിങ്ങൾക്ക് സുരക്ഷയുണ്ടായിരിക്കാം—എന്നാൽ ഞാനത് സംശയിക്കുന്നു, സദാ സംശയിക്കുന്നു. വിശ്വാസത്തിൽ ഒട്ടുംതന്നെ സുരക്ഷയില്ല. കാരണം, സംശയം വിശ്വാസത്തെ നശിപ്പിക്കുന്നു, സംശയം എല്ലാ വിശ്വാസങ്ങളെയും കീറിമുറിക്കുന്നു. പക്ഷേ, ഈ വിശദീകരണങ്ങൾക്കെല്ലാം ഒടുവിൽ മനുഷ്യൻ സഹിക്കുന്നു—അവനെപ്പറ്റി മാത്രമല്ല, ദുരിതവും കുഴപ്പവും ദാരിദ്ര്യവും വൈരൂപ്യവും ഹിംസയും യുദ്ധങ്ങളും നിറഞ്ഞ ഈ ലോകത്തെ പ്രതിയും. ഇതെല്ലാം കാണുന്നതും വളരെ ദുഃഖകരമാണ്.

ദുഃഖം അവസാനിക്കുമോ? അത് സാധ്യമാണെന്ന് പ്രഭാഷകൻ പറയുന്നു. എന്നാൽ അയാൾ പറയുന്നത് നിങ്ങളൊരിക്കലും അംഗീകരിക്കാൻ പാടില്ല. അയാൾ ഒരധികാരിയല്ല, അയാൾ നിങ്ങളുടെ ഗുരുവല്ല, നിങ്ങൾ അയാളുടെ അനുയായികളുമല്ല. അനുയായി ഗുരുവിനെ നശിപ്പിക്കുന്നു, ഗുരു അനുയായിയെയും.

ദുഃഖത്തിന്റെ സ്വഭാവം കാണാൻ, അതിൽനിന്ന് ഓടിപ്പോകാതിരിക്കാൻ, ഒരാശ്വാസം കണ്ടെത്താതിരിക്കാൻ നിങ്ങൾക്കു കഴിയുമോ? 'കഴിഞ്ഞ ജന്മത്തിൽ ഞാനിതു ചെയ്തു, അതുകൊണ്ട് ഇപ്പോൾ അനുഭവിക്കുന്നു' എന്ന് അതിനെ യുക്ത്യാനുസാരിയാക്കാതിരിക്കാൻ കഴിയുമോ? മനുഷ്യൻ ചെയ്യുന്ന ഈ സൂത്രപ്പണികളെല്ലാം നിങ്ങൾക്കറിയാമല്ലോ. ഇതിന്റെയെല്ലാം അർത്ഥം, ചിന്തയുടെ ഒരു ചലനംപോലുമില്ലാതെ ആ ക്ലേശവുമായി നിലനില്ക്കാൻ കഴിയുമോ എന്നാണ്. ചിന്ത രൂപമെടുത്ത്, 'ഞാൻ ഇതിന് ഒരു മാർഗം കണ്ടുപിടിക്കും' എന്ന് പറയുന്നു, ചെയ്യുന്നു, പക്ഷേ ക്ലേശം തുടർന്നുപോകുന്നു. അതിൽനിന്ന് വെറുതെ ഒളിച്ചോടുക മാത്രമാണ് നിങ്ങൾ ചെയ്യുന്നത്. എന്നാൽ ക്ലേശമെന്ന് നിങ്ങൾ വിളിക്കുന്നതോടൊത്ത് പൂർണ്ണ നിശ്ചലതയോടെ നിലകൊള്ളുകയാണെങ്കിൽ ആ ക്ലേശം പരിപൂർണ്ണമായി അവസാനിക്കുന്നത് നിങ്ങൾ കാണും, തികച്ചും വ്യത്യസ്തമായൊരു തുടക്കവും.

ഇനി മരണമെന്താണെന്നും നാം അന്വേഷിക്കേണ്ടതുണ്ട്. കാരണം, അത് നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. ജീവിക്കലും മരിക്കലും—സൗന്ദര്യവും വൈരൂപ്യവും കാഴ്ചപ്പാടുകളും ഉത്കണ്ഠകളും പോരാട്ടങ്ങളും ഉൾക്കൊള്ളുന്ന ജീവിതവും; രോഗംകൊണ്ടോ വാർധക്യംകൊണ്ടോ അപകടം കൊണ്ടോ ജൈവഘടനയുടെ അന്ത്യമാകുന്ന മരണവും. മിക്ക മനുഷ്യരും അവർ മതനിഷ്ഠയുള്ളവരാകട്ടെ, അത് ഇല്ലാത്തവരാകട്ടെ, മരണത്തെ ഭയപ്പെടുന്നു. അതായത് ജീവിച്ചിരിക്കുന്നു. എന്നിട്ട് അവർ പറയുന്നു; മരണത്തെ നീട്ടിവെക്കാൻ കഴിയും, ജീവിതത്തിനും മരണത്തിനും ഇടയിൽ ഒരു വിടവുണ്ട്. ഇതൊരു വസ്തുതയാണ്, പക്ഷേ, എന്തുകൊണ്ട് നാമിങ്ങനെ ചെയ്യുന്നു? എന്തുകൊണ്ടാണ് മനസ്സ് ജീവിതത്തെയും മരണത്തെയും വേർതിരിക്കുന്നത്?

ദയവുചെയ്ത് ഇതിന് ഉത്തരം കണ്ടുപിടിക്കൂ. ഇത് നിങ്ങളുടെ പ്രശ്നമാണ്. നിങ്ങൾ സജീവതയുള്ളവരാണെങ്കിൽ, ഊർജസ്വലതയുള്ളവരാണെങ്കിൽ, ചിന്താശീലമുള്ളവരാണെങ്കിൽ, വെറുതെ വീണ്ടും വീണ്ടും ആവർത്തിക്കുന്ന പാരമ്പര്യവാദി അല്ലെങ്കിൽ, ഇത് നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും കണ്ടെത്തുക. എല്ലാ യുഗങ്ങളിലും മനുഷ്യൻ എന്തുകൊണ്ട് ജീവിതത്തെയും മരണത്തെയും വേർതിരിക്കുന്നു? അതിന്റെ അർഥം കാലം അവയുടെ നടുവിൽ വന്നിട്ടുണ്ടെന്നാണ്. ആ കാലം പല വർഷങ്ങളാവാം, രണ്ടു ദിവസമാവാം. ജീവിക്കുന്നതിനും മരിക്കുന്നതിനും ഇടയിൽ കാലമാകുന്ന ഒരു ഇടവേളയുണ്ട്.

അതുകൊണ്ട് കണ്ടുപിടിക്കുന്നതും മരിക്കുകയെന്നതും എന്താണെന്നതിനെക്കുറിച്ച് നാം അന്വേഷിക്കേണ്ടതുണ്ട്. നാം ഒരുമിച്ച് സഞ്ചരിക്കുകയാണോ? അല്ലെങ്കിൽ മരണത്തെക്കുറിച്ച് ഇപ്പോൾതന്നെ നിങ്ങൾക്ക് വിശദീകരണങ്ങളുണ്ടോ? അല്ലെങ്കിൽ പുനർജന്മത്തിലും കർമത്തിലും സ്വർഗത്തിൽ പുനർജീവിക്കുന്നതിലും മറ്റു പലതിലും നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ അത്യധികം ശീലവിധേയപ്പെട്ടിരിക്കുന്നതിനാൽ നിങ്ങളുടെ മനസ്സ് ഒരു വിശ്വാസത്തിൽ, ഒരു അനുമാനത്തിൽ പരിമിതപ്പെട്ടിരിക്കുന്നതിനാൽ ഇതിന് ഉത്തരം നല്കാൻ നിങ്ങൾ അശക്തരാണ് എന്നാണിതിനർത്ഥം. ഇതിന്റെ അർഥം നിങ്ങളുടെ മനസ്സ് വാക്കുകൾക്കും വിശ്വാസങ്ങൾക്കും ആശ്വാസം നല്കുന്ന ചില ആശയങ്ങൾക്കും തീരുമാനങ്ങൾക്കും അടിമയായിത്തീർന്നിരിക്കുന്നു എന്നാണ്. അതിനാൽ ലക്ഷോപലക്ഷം വർഷങ്ങളിലൂടെ മനുഷ്യൻ ചെയ്തിട്ടുള്ളതെല്ലാം—ഈ വിഭജനവും ഈ സംഘർഷവും ഭയങ്ങളും—നിങ്ങൾ ഒരിക്കലും മനസ്സിലാക്കിയിട്ടില്ല. അതിനെക്കുറിച്ച് അന്വേഷിക്കാൻ, മനസ്സിലാക്കാൻ ജീവിതം എന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം.

ജീവിക്കുമ്പോൾ നിങ്ങളുടെ നിത്യജീവിതത്തിൽ പകൽ മുതൽ രാത്രിവരെ, ഒൻപതുമണി മുതൽ അഞ്ചോ ആറോ മണി വരെ, ദിവസം തോറും മാസംതറും വർഷംതോറും നിങ്ങൾ ഒരു ജോലിക്കു പോകുന്നു; അത് വീണ്ടും വീണ്ടും ആവർത്തിക്കുന്നു. ഇത് ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഇതു കൂടാതെ നിങ്ങളുടെ കുടുംബവുമായും നിങ്ങളുടെ ഭാര്യയുമായും നിങ്ങളുടെ അയൽക്കാരനുമായും ജീവിക്കുന്നു. അതിൽ നിങ്ങളും നിങ്ങളുടെ ഭാര്യയുമായിട്ടുള്ള, അല്ലെങ്കിൽ ഭർത്താവുമായിട്ടുള്ള സംഘർഷമുണ്ട്, ലൈംഗികചോദനകളും അവയുടെ പിന്തുടരലും

# എന്താണ് മരണം?

നിറവേറലുമുണ്ട്. രണ്ടു മനുഷ്യർക്കിടയിൽ നിരന്തരമായി നിലകൊള്ളുന്ന സംഘർഷമുണ്ട്. 'ഉള്ളത്' എന്നതിനും 'എന്തായിരിക്കണം' എന്നതിനും തമ്മിലുള്ള സംഘർഷമുണ്ട്. അധികാരവുമായും രാഷ്ട്രീയവുമായും മതവുമായും ചേർന്നുനില്ക്കുന്നുണ്ട്. അധികാരമുള്ള മതവിശ്വാസിയായ ഒരാളെക്കുറിച്ച് ചിന്തിച്ചു നോക്കുക. ഇതെല്ലാം എത്ര അസംബന്ധമായിത്തീർന്നിരിക്കുന്നു!

അതുകൊണ്ട് ജീവിക്കുകയെന്നാൽ എന്താണ്? നിങ്ങൾക്കുവേണ്ടിത്തന്നെ ഇതിന് ഉത്തരം പറയുക. എന്താണ് ജീവിതം? സംഘർഷത്തിന്റെ ഒരു തുടർച്ച, വല്ലപ്പോഴുമുള്ള ആനന്ദം, സുഖാനുഭൂതിയെ പിന്തുടരൽ, ഭയം ഇതെല്ലാമാണ് നിങ്ങളുടെ മുഴുവൻ ജീവിതവും; ഇതാർക്കും നിഷേധിക്കാനാവില്ല. ഇതറിയാൻ നിങ്ങളൊരു പുരോഹിതനെയോ ഒരു ഗുരുവിനെയോ ഒരു മനശ്ശാസ്ത്രജ്ഞനെയോ സമീപിക്കേണ്ട. ഇതാണ് നിങ്ങളുടെ ജീവിതം: യാന്ത്രികവും ആവർത്തനവിരസവും മൂല്യമില്ലാത്ത എന്തിലെങ്കിലും വിശ്വസിക്കുന്നതും പരമ്പരാഗതവും, നിങ്ങൾ എന്തു ചെയ്യുന്നു, എങ്ങനെ പ്രവർത്തിക്കുന്നു, എപ്രകാരം പെരുമാറുന്നു എന്നതാണ് പ്രധാന കാര്യം.

അപ്പോൾ ഇതാണ് ജീവിതമെന്ന് നാം വിളിക്കുന്നത്. ഭയവും ഉത്കണ്ഠയും അസൂയയും ഉൾക്കൊള്ളുന്ന മമതാബന്ധം നമുക്ക് അപരനോടുണ്ട്. എവിടെ മമതാബന്ധമുണ്ടോ അവിടെ മലിനീകരണവും ഉണ്ട്. ഒരാൾ അധികാരം കൈയാളി അതിനോട് ചേർന്നുനില്ക്കുമ്പോൾ അയാൾ മലിനീകരണം ഉളവാക്കുന്നു. ഒരു പ്രധാനപുരോഹിതൻ ഒരു പദവി ഏറ്റെടുക്കുകയും അധികാരിയായിത്തീരുകയും ചെയ്യുമ്പോൾ അയാൾ അനിവാര്യമായും മലിനീകരണത്തെ പോഷിപ്പിക്കുന്നു. ഇതെല്ലാം നിങ്ങളുടെ കൺമുന്നിൽ, മൂക്കിനു മുന്നിൽ നടന്നുകൊണ്ടിരിക്കുന്നത് നിങ്ങൾ കാണുന്നു. അതാണ് നിങ്ങളുടെ ജീവിതം. പക്ഷേ, അതിനെ കൈവെടിയാൻ നിങ്ങൾക്കു പേടിയാണ്. അതിനെ കൈവെടിയലാണ് മരണം; ആ കൈവെടിയലിനെയാണ് നിങ്ങൾ മരണമെന്നു കരുതുന്നത്. നിങ്ങൾക്ക് മമതാബന്ധമുണ്ട്, പണമുണ്ട്, പദവിയുണ്ട്. അല്ലെങ്കിൽ നിങ്ങൾ വളരെ ദരിദ്രനാണ്; നിങ്ങൾക്ക് നീതി ലഭിക്കുന്നില്ല; നിങ്ങളിൽത്തന്നെ ശൂന്യതയുണ്ട്, അപര്യാപ്തതയുണ്ട്. അതാണ് നിങ്ങളുടെ ജീവിതം. അതിനെ നിങ്ങൾ മുറുകെപ്പിടിച്ചു നില്ക്കുന്നു. അതാണ് ജ്ഞാതം ശരിയല്ലേ? എല്ലാവർക്കും അതറിയാം; എന്നാൽ മരണം അജ്ഞാതമാണ്. പുനർജന്മമുണ്ടെന്ന്, അതിന് തെളിവുകളുണ്ട് എന്നിങ്ങനെ മറ്റുപലതും നിങ്ങൾ പറയുമായിരിക്കാം. അപ്പോൾ അതാണ് നിങ്ങളുടെ ജീവിതം.

ഇനി, ജീവിച്ചിരിക്കുമ്പോൾ നിങ്ങൾക്ക് മമതാബന്ധം അവസാനിപ്പിക്കാനാകുമോ? ഒരു വ്യക്തിയോടുള്ള മമതാബന്ധം, ഒരു കുടുംബത്തിനോടുള്ള മമതാബന്ധം, ഒരു പാരമ്പര്യത്തനോടുള്ള മമതാബന്ധം—ഇതെല്ലാം നിങ്ങൾക്ക് ഉപേക്ഷിക്കാൻ കഴിയുമോ? മരണം നിങ്ങളെക്കൊണ്ട് അത് ചെയ്യിക്കാൻ പോവുകയാണ്. നിങ്ങൾ ഏകാകിയായതിനാൽ, ആശ്വാസം തേടുന്നതിനാൽ, ചങ്ങാത്തം ആഗ്രഹിക്കുന്നതിനാൽ നിങ്ങൾ ഒരാളുമായി മമതാബന്ധം പുലർത്തുന്നു. നിങ്ങൾക്ക് ഒറ്റയ്ക്കു നില്ക്കാനാവില്ല. അതുകൊണ്ട് നിങ്ങൾ ആശ്രയിക്കുന്നു. ആശ്രിതത്വം എന്നത് മമതാബന്ധത്തെ സൂചിപ്പിക്കുന്നു. എവിടെ മമതാബന്ധമുണ്ടോ അവിടെ അസൂയയും ഉത്കണ്ഠയും ഭയവും അതിൽനിന്നുളവാകുന്ന എല്ലാ പ്രവൃത്തികളും നിലനില്ക്കുന്നു. അതെല്ലാം മലിനീകരണമാണ്. അപ്പോൾ മരണം പറയുന്നു: 'അതെല്ലാം അവസാനിപ്പിക്കുക, നിങ്ങൾ മരിക്കാൻ പോവുകയാണ്.' ജീവിച്ചിരിക്കുമ്പോൾ നിങ്ങൾക്കവസാനിക്കാമോ? ആ അവസാനിക്കൽ തികച്ചും നവീനമായ എന്തിന്റെയോ ആരംഭമാണ്. അതായത്, മമതാബന്ധത്തിന്റെ പൂർണവിരാമം—അത് മരണമാണ്. അത് നിങ്ങൾ പൂർണമായി അവസാനിപ്പിക്കുമ്പോൾ അസ്തിത്വത്തിന്റെ തികച്ചും വ്യത്യസ്തമായ ഒരു മാനമാണുണ്ടാവുക.

അപ്പോൾ എന്താണ് മരണം? നമ്മുടെ ജീവിതമെന്താണെന്ന് നാം നോക്കിക്കണ്ടു—അരാജകത്വം, ദുരിതം, കലാപം, മനുഷ്യന്റെ നിരന്തരമായ അധ്വാനം. അപ്പോൾ എന്താണ് മരണം? മരണമെന്നത് ജൈവഘടനയുടെ അന്ത്യം മാത്രമല്ല. ശരീരം ജീർണിക്കുന്നു, അതിന് രോഗങ്ങളുണ്ടാകുന്നു. ഐന്ദ്രിയാനുഭവങ്ങളും ആർത്തിയും ഉത്തേജിപ്പിക്കലും നല്കുന്ന പല കാര്യങ്ങളിൽ അത് മുഴുകുന്നതിനാൽ അത് ദുരുപയോഗപ്പെടുത്തപ്പെടുന്നു. അങ്ങനെ മെല്ലെമെല്ലെ പലതരം രോഗങ്ങൾകൊണ്ട് വലിയ വേദനയോടുകൂടി അത് കൊഴിഞ്ഞുപോകുന്നു. ഇതാണോ മരണം? ഈ ജൈവഘടനയുടെ അന്ത്യമാണോ? അത് നമുക്കറിയാവുന്നതാണ്, അതിനെ നാം തിരിച്ചറിയുന്നു, മനസ്സിലാക്കുന്നു.

പക്ഷേ, മരിക്കാനാവാത്ത എന്തോ ഒന്നുണ്ടെന്ന് നാം പറയുകയും ചെയ്യുന്ന—ആത്മാവ്, നിങ്ങൾ മരിക്കുമ്പോൾ വീണ്ടും ജന്മമെടുക്കുന്ന സ്ഥായിയായ ഒന്ന് എന്നിങ്ങനെ പലതും. നിങ്ങളിൽ ചിലർ ബുദ്ധമതക്കാരാണെങ്കിലും ഇതെല്ലാം നിങ്ങൾ ആഴത്തിൽ വിശ്വസിക്കുന്നു. എല്ലാ മതങ്ങളും പലവിധ ആശ്വാസങ്ങൾ നല്കുന്നു. ആശ്വാസം സത്യമല്ല; ആശ്വാസമെന്നത് എല്ലാവിധ മിഥ്യകളുടെയും മതപ്രമാണങ്ങളുടെയും ആചാരങ്ങളുടെയും ഉള്ളിലൂടെ തുളച്ചുകയറുന്ന ഒരു മനസ്സിന്റെ ധാരണയല്ല.

അപ്പോൾ മനുഷ്യനിൽ, നിങ്ങളിൽ സ്ഥായിയായ എന്തെങ്കിലുമുണ്ടോ? നിങ്ങളിൽ സ്ഥായിയായ എന്തെങ്കിലുമുണ്ടെങ്കിൽ അതിന് അടുത്ത ജീവിതത്തിൽ ജനിക്കാനുള്ള സാധ്യതയുണ്ട്. വെറുതെ പുനർജന്മത്തിൽ വിശ്വസിക്കുന്നതിന് ഒരർത്ഥവുമില്ല. അതിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾ ഇന്ന് ചെയ്യുന്നതിന് അനന്തമായ പ്രാധാന്യമുണ്ട്—നിങ്ങൾ പുനർജന്മത്തിൽ വിശ്വസിക്കുന്നുവെങ്കിൽ. ഇപ്പോൾ ചെയ്യുന്ന പ്രവൃത്തിമൂലം ഒന്നുകിൽ മെച്ചപ്പെട്ട പദവി, വലിയ. വീട് അല്ലെങ്കിൽ സ്വർഗത്തിന്റെ സാമീപ്യമോ ലഭിക്കും! ഇവയെല്ലാം ഒന്നുതന്നെയാണല്ലോ.

അപ്പോൾ നിങ്ങളിൽ സ്ഥായിയായ വല്ലതുമുണ്ടോ? 'ഞാൻ', 'നീ', 'ഞാൻ സ്ഥായിയാണ്', എന്നു പറയുന്ന മനസ്സ് ഇവയെല്ലാം സ്ഥിരമാണോ? നീണ്ടുനില്ക്കുന്നതായ എന്തെങ്കിലും ഒന്നുണ്ടോ? അതോ എല്ലാം ചലിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്നുവോ? സ്ഥിരമായതൊന്നും ഇല്ലെന്നുവരുമോ? മറ്റൊരാളുമായുള്ള ഞങ്ങളുടെ ബന്ധം സ്ഥിരമാണോ? നിങ്ങളുടെ ദൈവങ്ങൾ സ്ഥിരമാണോ? നിങ്ങളുടെ ആശ്വാസത്തിനുവേണ്ടി, നിങ്ങളുടെ നിത്യജീവിതത്തിലെ അസംബന്ധങ്ങളിൽ

# എന്താണ് മരണം?

നിന്നും അമൂല്യമായ വല്ലതിലേക്കും രക്ഷപ്പെടാൻവേണ്ടി ചിന്ത നിർമിച്ച മിഥ്യയാണ് ദൈവം.

അതിനാൽ നാം പറയുന്നു: 'നിങ്ങളുടെ ജീവിതത്തിൽ സ്ഥായിയായ എന്തെങ്കിലുമൊന്നുണ്ടോ എന്ന് സ്വയം കണ്ടെത്തുക.' വീട് സ്ഥിരമാണ്—ഒരു ഭൂകമ്പം വന്നില്ലെങ്കിൽ. വൃക്ഷങ്ങളും സമുദ്രങ്ങളും നദികളും പർവതങ്ങളും ശാശ്വതമാണ്. ഇതിനുപുറമേ നിങ്ങളുടെ ജീവിതത്തിൽ സ്ഥായിയായ, നീണ്ടുനില്ക്കുന്ന എന്തെങ്കിലുമൊന്നുണ്ടോ?

'ഞാൻ' എന്ന ആഹം ചിന്തയുടെ സൃഷ്ടിയാണ്. നാമം, രൂപം, ഗുണം, പ്രത്യേകതകൾ, വൈചിത്യങ്ങൾ, കഴിവ്, വൈദഗ്ധ്യം ഇവയെല്ലാം സംസ്കാരത്തിന്റെയും സവിശേഷ രൂപത്തിലുള്ള വിദ്യാഭ്യാസത്തിന്റെയും ഫലമാണ്. ഇതിൽ സ്ഥായിയായ ഒന്നുംതന്നെയില്ലാത്തതിനാൽ നിങ്ങൾ സ്ഥായിയല്ല. ഒരു ശരീരം നിങ്ങൾക്കുണ്ട്. പക്ഷേ, നിങ്ങളുടെ ചിന്തകൾ സ്ഥായിയല്ല; അവ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു, രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങളുടെ വിശ്വാസങ്ങളിൽ നിങ്ങൾ ആശ്വാസം കണ്ടെത്തുന്നു. നിങ്ങളുടെ വിശ്വാസങ്ങളിൽ സുരക്ഷിതത്വമുണ്ടെന്ന് നിങ്ങൾ കരുതുന്നു. അതുകൊണ്ടാണ് നിങ്ങളുടെ വിശ്വാസങ്ങളെ ഉപേക്ഷിക്കാൻ വളരെ പ്രയാസമുള്ളതായി നിങ്ങൾക്കു തോന്നുന്നത്. വിശ്വാസം വെറുമൊരു വാക്കാണ്, വെറുമൊരു ആശയമാണ്, ഒരു സങ്കല്പമാണ്. ആ ആശയത്തിൽ നിങ്ങൾ അഭയം കണ്ടെത്തുന്നു. പക്ഷേ, അത് സുരക്ഷിതത്വമല്ല. മതവിശ്വാസികളെ നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ? അവർ അവരുടെ പദവിയിൽ, അവരുടെ വിശ്വാസത്തിൽ, അവരുടെ സിദ്ധാന്തത്തിൽ എത്രത്തോളം സുരക്ഷിതരാണ്? പക്ഷേ, ആ സുരക്ഷാബോധം ഒരു മിഥ്യയാണ്. അതിനാൽ സ്ഥായിയായത് ഒന്നുംതന്നെയില്ല.

ഇത് തിരിച്ചറിയുന്നത് ദുഃഖകരമായതും മനസ്സിടിക്കുന്നതുമായി തോന്നിയേക്കാം. എന്നാൽ അത് അങ്ങനെയല്ല. നിലച്ചുനില്ക്കുന്നതായിട്ട് ഒന്നുതന്നെയില്ലെന്ന സത്യം നിങ്ങൾ കാണുമ്പോൾ ആ കാഴ്ചതന്നെ ധിഷണയാകുന്നു. ആ ധിഷണതയിൽ പൂർണമായ സുരക്ഷിതത്വമുണ്ട്. അത് നിങ്ങളുടെ ധിഷണയോ എന്റെ ധിഷണയോ അല്ല—വെറും ധിഷണമാത്രം. മമതാബന്ധം നിലനില്ക്കുന്നിടത്തോളം കാലം മലിനീകരണം അനിവാര്യമാണെന്ന സത്യം ഉടനടി കാണുകയും അതിനെ അപ്പോൾത്തന്നെ അവസാനിപ്പിക്കുകയും ചെയ്യുന്നത് ധിഷണയാണ്. ആ ധിഷണമാത്രമാണ് സുരക്ഷയുടെ ഏക ഘടകം; അത് സുരക്ഷിതത്വമല്ല, അത് തെറ്റായ വാക്കാണ്. ആ ധിഷണ നിങ്ങളുടെയോ മറ്റൊരാളുടെയോ അല്ലാത്തതിനാൽ അപരിമേയമായ എന്തോ ഒന്നിന്റെ ധിഷണയാണ്. നാം പറഞ്ഞതുപോലെ, എവിടെ സഹനമുണ്ടോ അവിടെ കരുണയില്ല. എവിടെ കരുണയുണ്ടോ അതിന് അതിന്റേതായ ധിഷണയുണ്ട്.

*'മനസ്സിന്റെ അനന്തവിസ്തൃതി' എന്ന പുസ്തകത്തിൽനിന്ന്.* ■

## വാർഷിക സമ്മേളനം 2018

കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ വാർഷികസമ്മേളനം (Gathering 2018) ഒക്ടോബർ 31-ാം തീയതി മുതൽ നവംബർ 3-ാം തീയതി വരെ വരാണാസിയിലുള്ള രാജ്ഘട്ട് ബസന്റ് സ്കൂളിൽ നടക്കുന്നതാണ്. "സമുദായത്തിലെ പ്രതിസന്ധിഘട്ടവും വ്യക്തിയുടെ ചുമതലയും" എന്നതാണ് ഈ സമ്മേളനത്തിന്റെ ചിന്താവിഷയം.

വ്യക്തിയെ തന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും തന്നെ അലട്ടുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസ്സിലാക്കുവാനും ഒരു സന്ദർശനം ഒരുക്കുകയാണ് ഈ ഒത്തുചേരലിന്റെ ഉദ്ദേശം. പ്രഭാഷണങ്ങൾ, ചർച്ചകൾ, കൃഷ്ണമൂർത്തിയുടെ വീഡിയോ പ്രദർശനങ്ങൾ എന്നിവ ഈ സമ്മേളനത്തിന്റെ ഭാഗമാണ്.

കൃഷ്ണമൂർത്തി വളരെ വർഷങ്ങൾ സന്ദർശിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള ഈ സ്ഥാപനം ഗംഗാനദിയുടെ കരയിൽ ഏകദേശം 300 ഏക്കറോളം വ്യാപിച്ചുകിടക്കുന്നു.

വിശദവിവരങ്ങൾക്ക് എഴുതുക:

Krishnamurti Study Centre
Rajghat Fort, Varanasi - 221 001.
Email: studycentre@rajghatbesantschool.org

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028. Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*